**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 294** **22-02-2022 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ പുതിയ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിൽ കൈതേരി, കീഴല്ലൂർ എന്നിവിടങ്ങളിൽ പുതുതായി അനുവദിച്ച മാവേലി സ്റ്റോറുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | മട്ടന്നൂർ മണ്ഡലത്തിലെ കൈതേരി കീഴല്ലൂർ എന്നിവിടങ്ങളിലെ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ലഭ്യമായ പ്രപ്പോസൽ അനുയോജ്യമായ കെട്ടിട സൗകര്യം കണ്ടെത്തി നൽകേണ്ടതിനായി ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചതിൽ കൈതേരിയിൽ നിർദ്ദിഷ്ട കെട്ടിടത്തിന്റെ നിർമ്മാണം നടന്നു വരുന്നുണ്ട്. കീഴല്ലൂരിൽ അനുയോജ്യമായ കെട്ടിട സൗകര്യം ഇതു വരെ ലഭ്യമായിട്ടില്ല. അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമായാൽ അവിടുത്തെ വിപണന സാധ്യത പരിശോധിച്ച് പ്രവർത്തന നഷ്ടം പരമാവധി കുറയ്ക്കുന്നതിനുള്ള സാധ്യതയും ജീവനക്കാരുടെ ലഭ്യതയും കൂടി ഉറപ്പ വരുത്തി ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മട്ടന്നൂർ നിയോജക മണ്ഡലത്തിൽ പുതിയ റേഷൻ കടകൾക്കായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; അപേക്ഷകരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻകടകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല. |
| (സി) | അപേക്ഷകൾ പരിഗണിച്ച് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻകടകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ